# അക്കാദമിക മാസ്റ്റർ പ്ലാൻ - സ്കൂൾതലം

# 2025-26

AUPS Munnad

# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : കാസറഗോഡ്.
2. സ്കൂൾ കോഡ് : 11474.
3. സ്കൂളിന്റെ പേര് : AUPS. munnad.
4. മേൽവിലാസം : മുന്നാട് (PO), ചെർക്കള (വഴി)
5. പിൻകോഡ് : 671541
6. ഫോൺനമ്പർ : 04994 290850
7. UDISE കോഡ് : 32010300716
8. ഇ-മെയിൽ അഡ്രസ്സ്: aupsmunnad@yahoo.com
9. ഗ്രാമപഞ്ചായത്ത് : ബേഡഡുക്ക.
10. വിദ്യാഭ്യാസ ജില്ല : കാസറഗോഡ്.
11. ഉപജില്ല : കാസറഗോഡ്.
12. ബി. ആർ. സി : കാസറഗോഡ്.
13. ക്ലാസുകൾ : 1-7
14. മാനേജ്മെന്റ് : Aided
15. പഠന മാധ്യമം : മലയാളം, ഇംഗ്ലീഷ്.

# AUPS MUNNAD

## ACADEMIC MASTER PLAN - 2025 - 26

ആമുഖം

കേരളത്തിന്റെ വടക്കേ അറ്റത്ത് കർണാടകയോട് ചേർന്ന് കിടക്കുന്ന ബേഡഡുക്ക പഞ്ചായത്തിന്റെ ഹൃദയഭാഗത്താണ് മുന്നാട് എ യു പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1954 ൽ കുടിപ്പള്ളിക്കൂടമായി ആരംഭിച്ച നമ്മുടെ വിദ്യാലയം ഇന്ന് വളർച്ചയുടെ പടവുകൾ താണ്ടി 72 വർഷം പിന്നിട്ടിരിക്കുകയാണ്. കാസറഗോഡ് ഉപജില്ലയിലെ അറിയപ്പെടുന്ന വിദ്യാലയമായി മാറാൻ ഇതിനോടകം നമുക്ക് സാധിച്ചിട്ടുണ്ട്. ആയിരക്കണക്കിനാളുകൾക്ക് അക്ഷരം പകർന്നു നൽകിയ ഈ വിദ്യാലയത്തിന് പുരോഗതിയുടെയും നേട്ടത്തിന്റെയും ചരിത്രമാണ് പറയാനുള്ളത്.

നമ്മുടെ വിദ്യാലയത്തിൽ നിന്നും ഇതിനോടകം പഠിച്ചിറങ്ങിയ നിരവധി പേർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉന്നത മേഖലകളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സാമൂഹ്യ, സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കുന്നവരും നിരവധിയാണ്.

# അക്കാദമിക പ്രവർത്തനങ്ങൾ

## 2024-25 വർഷത്തെ റിപ്പോർട്ട് അവലോകനം

1. എൽ എസ് എസ് :

15 കുട്ടികൾ പരീക്ഷ എഴുതിയതിൽ 4 കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിച്ചു.

2. യു എസ് എസ് :

21 കുട്ടികൾ പരീക്ഷ എഴുതിയതിൽ 13 കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിച്ചു.

# ഭൗതിക സാഹചര്യം

## കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്

UP വിഭാഗം പെൺകുട്ടികൾക്കായി നിർമ്മിച്ചു നൽകിയ മൂന്ന് മുറികളുള്ള ടോയ്‌ലറ്റ് സൗകര്യം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സാവിത്രി ബാലൻ ഉദ്ഘാടനം ചെയ്തു. സ്കൂൾ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ക്ലാസ് മുറികളിൽ ടൈൽസ് പതിപ്പിച്ചു. ശബ്ദ നിയന്ത്രണത്തിനുള്ള സംവിധാനം ഒരുക്കി.

## 'കൈത്താങ്ങ്' 2024-25

മലയാളത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മെച്ചപ്പെടുത്തുന്നതിനായി Helping hand പദ്ധതിയുടെ ഭാഗമായി 'കൈത്താങ്ങ്' എന്ന പേരിൽ 4, 5, 6, 7 ക്ലാസിലെ കുട്ടികളെ ഉൾപ്പെടുത്തി ജൂലൈ മാസത്തിൽ ക്ലാസ് ആരംഭിച്ചു. അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ച് കുട്ടികളെ വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തുക എന്നതാണ് കൈത്താങ്ങിന്റെ ലക്ഷ്യം. സ്കൂളിലെ മുഴുവൻ അധ്യാപകരും ചേർന്ന് ക്ലാസ് കൈകാര്യം ചെയ്തു.

## ആടുഗ്രാമം പദ്ധതി

സ്കൂളിലെ ആടുഗ്രാമം പദ്ധതി ഇന്ന് കേരളമാകെ അറിയപ്പെടുന്ന ഒന്നായി മാറിയിരിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെയും വെമ്പായം ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. രണ്ടു ഘട്ടങ്ങളിലായി ഒരു ലക്ഷം രൂപ ഇതിനായി ലഭിച്ചിട്ടുണ്ട് ഇതുവരെയായി 114 കുട്ടികൾക്കാണ് ആടുകളെ വിതരണം ചെയ്തത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആടുകളെ നൽകി അവരെ മുൻനിരയിലേക്ക് കൊണ്ടുവരിക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം

## മികച്ച ഹരിത വിദ്യാലയം

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം സ്കൂൾ വളപ്പിൽ പരമാവധി കുറച്ചു. പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം സ്റ്റീൽ കുപ്പികൾ ഉപയോഗിച്ചു. പ്ലാസ്റ്റിക്കിനെ പരമാവധി ഒഴിവാക്കി സ്കൂൾ പരിസരം സംരക്ഷിച്ചു. ഇതിന്റെയെല്ലാം ഫലമായി വെമ്പായം ഗ്രാമപഞ്ചായത്തിലെ മികച്ച ഹരിത വിദ്യാലയമായി മൂന്നാട് ഗ എൽ പി സ്കൂളിനെ തിരഞ്ഞെടുത്തു.

AUPS Munnad.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി ഹിന്ദി

## 2025-26

| लक्ष्य | गतिविधियाँ | समय | कर्तव्य | वित्तीय विश्लेषण |
|---|---|---|---|---|
| 1. 5,6,7 कक्षा में वर्णमाला पर ज़ोर देना। हिंदी पाँचवीं कक्षा से शुरू होने से हिंदी के प्रति प्यार बढ़ाने के साथ साथ वर्णमालाओं पहचानने का अवसर देकर पढ़ाए। | नाम, शब्द कविता का आलाप करके उसमें आनेवाले अक्षरों को समझाकर पढ़ाएँ। चित्र, वर्णमाला चार्ट आदि के द्वारा अक्षर लिखने की तरीका सिखाएँ। | जून से फरवरी तक। | हिंदी अध्यापक | |
| 2. हिंदी वाचन : गलती के बिना हिंदी का वाचन करवाने की कोशिश करूँगा। | लगातार किताब पढ़-सुनाकर वाचन करने की दिलचस्पी बढ़ाऊँगा। अन्य चित्र कहानियाँ और उसको ICT द्वारा पढ़ने का मौका दूँगा। | जून से फरवरी तक | हिंदी अध्यापक | |
| 3. हिंदी बात-चीत : बच्चों को हिंदी में बात करने की काबिल बनाऊँगा। नित्य जीवन में ज़रूरत पड़नेवाले बातों को हिंदी में बोलने की भाषा का परिचय कराऊँगा। | कक्षा में केवल हिंदी भाषा का उपयोग करूँगा। उनकी ज़रूरतों को हिंदी में ही पूछने और बताने की क्षमता दिलाऊँगा। कक्षा में वाचन स्पर्धा चलाकर बच्चों को उपहार दूँगा। | जून से फरवरी तक | हिंदी अध्यापक | |

| लक्ष्य | गतिविधियाँ | समय | कर्तव्य | वित्तीय विश्लेषण |
|---|---|---|---|---|
| 4. वर्कशीट<br>एक-एक पाठ के बाद वर्कशीट की पूर्ती करूँगा। | वर्कशीट की पूर्ती करने से बच्चों का लेखन और वाचन बढ़ेगा। | अगस्त से फरवरी तक | हिन्दी अध्यापक | |
| 5. हिंदी कार्यक्रम<br>हिन्दी की विभिन्न कार्यक्रम बच्चों की सर्जनात्मकता बढ़ता है। | हिंदी अतिथियों को बुलाकर कार्यक्रम चलाने से हिन्दी वातावरण बढ़ जाऊँगा। | जनवरी या फरवरी में | बी.आर.सी एस.एस.के | 5000<br>10,000 |

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

## അടിസ്ഥാനശാസ്ത്രം – യു.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>നിശാഗന്ധി – ജൈവവൈവിധ്യ പാർക്ക്</u>: ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ജൈവവേലി എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | <u>കണ്ടറിയാനൊരു യാത്ര</u><br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | <u>പരീക്ഷണക്കളരി</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണകുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ഊർജ്ജക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക. | <u>മാസ്റ്റർ മൈൻ്റ്</u><br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | <u>ശാസ്ത്ര വിസ്മയ ചുമർ</u><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്താനും അതുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ ചെയ്യാനും അവസരമൊരുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | പി.ടി.എ, സയൻസ് ക്ലബ്ബ്. |
| | <u>യുറേക്കാ</u><br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക. | **മാസ്റ്റർ മൈന്റ്**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്താനും അതുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ ചെയ്യാനും അവസരമൊരുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | പി.ടി.എ, സയൻസ് ക്ലബ്ബ്. |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# अक्कादमिक मास्टर् प्लान्

## २०२५ - २६

## संस्कृतम् - UP विभागः

# अकादमिक मास्टर प्लान Sanskrit UP 2025 - 26

| लक्ष्यम् | प्रवृत्तानि | समयः | भौतिकम् | साम्पत्तिकम् | सहायम् | Remarks. |
|---|---|---|---|---|---|---|
| भाषापोषणम् (LSRW) | अक्षरज्ञानम्<br>अक्षरकार्ड्<br>पदपत्रम्<br>पदनिर्माणम्<br>नित्योपयोग वस्तूनाम् संस्कृतपदज्ञानम्<br>नामपद - क्रियापद वर्गीकरणम्<br>लिङ्गज्ञानम्<br>वचनज्ञानम् | June to March | चित्राणि / चार्टपत्रं अक्षराणां / पदानां प्रदर्शनम्<br>ICT, पटपट्टिका | 1000/- | अध्यापकः, संस्कृतसङ्घः, गृहजनाः, सहपाठिनः, पुस्तकानि, संस्कृतशिबिरम्, ग्रन्थशाला, संस्कृतपण्डिताः | |
| | निघण्टुनिर्माणम्<br>दिनाचरणानि<br>विभक्तिपरिचयः<br>वाक्यलेखनम्<br>सम्भाषणम्<br>वाक्यसिद्धिः | class Room activities. Nov to Februry. 1 year workshop. | | 2000/- | | |

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

മലയാളം - യു.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തമാക്കുക | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ [കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്] അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്** പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>**വാർത്താവായന:**<br>വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു മത്സരം നടത്തുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| സാഹിത്യ കൃതികളോടും സാഹിത്യകാരൊടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മാസ്റ്റർ, മലയാളം അധ്യാപകർ | പി.ടി.എ |
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എഴുത്തിലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>കുട്ടികളെ മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി അധ്യാപകർ | മലയാളം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാസിക തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം:** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സ്കൂൾ അസംബ്ലിയിലും മറ്റും അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| കുട്ടികളുടെ ആകാശവാണി | ഓരോ ആഴ്ച്ചയിലേയും മുഖ്യവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | ആഴ്ച്ചയിൽ ഒന്ന് | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

## UP - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര-ത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ - ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റി-യെടുക്കുക | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | SS ക്ലബ്ബ് |
| ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതി ദുരന്തം - നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ തുടങ്ങിയവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നന്മയുടെ നുറുങ്ങുവെട്ടം<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ തുടങ്ങിയവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടേയും ട്രാഫിക് പോലീസിന്റേയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നിവയെ കുറിച്ച് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | ഫീൽഡ് ട്രിപ്പ്, സർവ്വേ<br>പരിസ്ഥിതി ചർച്ചക്ക് കാരണമാകുന്ന കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | SS ക്ലബ്ബ് |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പുതുചക്രവാളത്തിലേക്ക്<br>സിവിൽ സർവ്വീസ് പരീക്ഷകൾ പഠിക്കാൻ പോന്ന വിധം മത്സരബുദ്ധിയോടെ നേരിടുവാനുള്ള വളർത്തുന്നതിലൂടെ ചോദ്യോത്തരവേളകൾ, ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | **ഗണിത ശിൽപ്പശാല** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് .. ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രശ്നം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബിലെ അംഗങ്ങളും | |

| | | | | |
|---|---|---|---|---|
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ, ക്ലബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിര- യിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപക- രും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ച- യിൽ ഒരു പിരീഡ് | ഗണിത അധ്യാപ- കരും സമർഥ- രായ കുട്ടികളും | |
| 8) വിവിധ ശേഷിക- ളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണ- ങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടു- ത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാ- നുസരണം | SRG | |